# നീര പ്രോത്സാഹിപ്പിക്കണം: ഹൈക്കോടതി

കൊച്ചി: പുതിയ മദ്യനയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നീരയുടെ ഉൽപ്പാദനവും വിപണനവും സർക്കാർ പ്രോത്സാഹിപ്പിക്കണമെന്ന് ഹൈക്കോടതി. ഇക്കാര്യത്തിൽ തമിഴ്നാടിനെയും ശ്രീലങ്കയെയും മാതൃകയാക്കാവുന്നതാണെന്നും ജസ്റ്റിസ് അലക്സാണ്ടർ തോമസ് അഭിപ്രായപ്പെട്ടു. മദ്യനയ രൂപവൽക്കരണത്തിനുള്ള ജസ്റ്റിസ് എം രാമചന്ദ്രൻ കമീഷന്റെ ശുപാർശകൾ നടപ്പാക്കണമെന്നാവശ്യപ്പെട്ട് അഡ്വ. ബേസിൽ അട്ടിപ്പേറ്റി സമർപ്പിച്ച ഹർജി പരിഗണിക്കവെയാണ് കോടതിനിരീക്ഷണം. മദ്യനയം വിശദീകരിച്ച് പത്രിക സമർപ്പിക്കാൻ കോടതി സർക്കാരിന് നിർദേശം നൽകി.